പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1717 | 04.12.2018-ൽ മറുപടിയ്ക്ക് |
|---|---|

**പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ വിപണനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ച ശേഷവും അവയുടെ വിപണനം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്ലാസ്റ്റിക് മാലിന്യ ബോധവൽക്കരണവുമായി ബന്ധപ്പെട്ട് ഈ സർക്കാറിന്റെ കാലത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; ആയതിനായി എന്ത് തുക ചെലവഴിച്ചു; | (ബി) | പ്ലാസ്റ്റിക് മാലിന്യ ബോധവൽക്കരണവുമായി ബന്ധപ്പെട്ട് സർക്കാരിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളോട് സഹകരിക്കുന്നതിനുള്ള അനുകൂല മനോഭാവവും ശീലങ്ങളും ജനങ്ങളിൽ ഉണ്ടായിവരേണ്ടത് പ്രധാനമായതിനാൽ പ്ലാസ്റ്റിക് അടക്കമുള്ള ഡിസ്പോസിബിൾ വസ്തുക്കൾ ഉണ്ടാക്കുന്ന ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയും പൊതുവെ സുരക്ഷിത മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനും വേണ്ടി അനവധി വിവര-വിജ്ഞാപന-വ്യാപന പ്രവർത്തനങ്ങൾ റേഡിയോ, ടെലിവിഷൻ, പ്രിന്റ് മീഡിയകളിലൂടെ നടത്തി വരുന്നു.<br>പ്ലാസ്റ്റിക് ക്യാരിബാഗുകളും, ഡിസ്പോസിബിൾ സാധനങ്ങളും ഒഴിവാക്കി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിൽ വരുത്തുന്നതിന് ശക്തമായ വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന് കീഴിൽ ശുചിത്വ മിഷൻ മുഖേന സംഘടിപ്പിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് നാഷണൽ സർവ്വീസ് സ്കീം പ്രവർത്തിക്കുന്ന എല്ലാ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലേയും സർക്കാർ കോളേജുകളിലേയും വിദ്യാർത്ഥികളിൽ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും, ക്യാമ്പസ്സുകളിൽ ഗ്രീൻപ്രോട്ടോക്കോൾ പാലനം ഉറപ്പാക്കുന്നതിനുമായി "ക്ലീൻ ക്യാമ്പസ് ഗ്രീൻ ക്യാമ്പസ്" എന്ന പേരിൽ ഒരു പരിപാടി നടത്തി വരുന്നു. ക്യാമ്പസുകളിലെ പ്രവർത്തനങ്ങൾക്ക പുറമേ എൻ.എസ്.എസ്. ദത്തെടുത്തിട്ടുള്ള ഗ്രാമങ്ങളിലും ബോധവത്കരണ പരിപാടികൾ നടന്നു വരുന്നു.<br>സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിനായി എല്ലാ സർക്കാർ |

| | | | |
|---|---|---|---|
| | | | ഓഫീസുകളിലും ഒരു നോഡൽ ഓഫീസറെ തെരഞ്ഞെടുത്ത് ശുചിത്വ മിഷന്റെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇതിന്റെ ഫലമായി സംസ്ഥാനതലങ്ങളിലേയും ജില്ലാതലങ്ങളിലേയും വിവിധ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലനം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ ഗ്രീൻ പ്രോട്ടോക്കോൾ പാലനം എങ്ങനെ എന്നതു സംബന്ധിച്ച് സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ബോർഡുകൾ എല്ലാ ഓഫീസുകളിലും സ്ഥാപിച്ച് വരികയാണ്.<br>ആകാശവാണിയിലൂടെയും, എഫ്.എം. റേഡിയോകളിലൂടെയും കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ വശങ്ങളിൽ സന്ദേശങ്ങൾ നൽകിയും, റയിൽവേ സ്റ്റേഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകളിൽ സന്ദേശങ്ങൾ പ്രദർശിപ്പിച്ചും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലനം സംബന്ധിച്ച സന്ദേശങ്ങളും ഉൾപ്പെടുന്നു.<br>പ്ലാസ്റ്റിക് ഉൾപ്പെടെ എല്ലാത്തരം മാലിന്യങ്ങളും സുരക്ഷിതമായി സംസ്കരിക്കുന്നതിനായുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഈ സർക്കാറിന്റെ കാലത്ത് സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും 698.36 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഇപ്രകാരം നിരോധിച്ച പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപയോഗിക്കുന്നവരിൽ നിന്നും നഗരസഭകൾ പിഴ ഈടാക്കുന്നുണ്ടോ; കഴിഞ്ഞ വർഷം പ്രസ്തുത ഇനത്തിൽ ഈടാക്കിയ പിഴ എത്രയാണെന്ന് വ്യക്തമാക്കുമോ? | (സി) | 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾ നിലവിൽ വന്നതിനു ശേഷം നാളിതുവരെ നിരോധിത പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിക്കുന്നവരിൽ നിന്നും നഗരസഭകൾ 1,32,87,540/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ